032:1M78:22 F5 ORUKATHU VALLATHOL

032:1M78:22
F5

032:1M78:22
VALLATHOL. F5
Oru kathu or Rug-
miyude katha.

MUL
034824

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number 032:1M78:22 F5

Accession Number 34824

Available for loan from

This book should be returned on or before the date last marked below.

23 DEC.

O. 61

# ഒരു കത്ത്.

അഥവാ

## രുഗ്മിയുടെ പശ്ചാത്താപം.

Vallathol
Rugmiyude Kattu
Oru Kattu

ഗ്രന്ഥകർത്താ:—

വള്ളത്തോൾ.

[നാലാം പതിപ്പ്]

തൃശ്ശിവപേരൂർ മംഗളോദയം അച്ചുകൂടത്തിൽ അച്ചടിച്ചത്.

1100

വില 3_ണ]

പകൎപ്പവകാശം ഗ്രന്ഥകൎത്താവിന്.

34824
032 1 XI 78.2.2
ES

# ഒരു കത്ത്.

അഥവാ

## രുഗിയുടെ പശ്ചാത്താപം

---

1

തിരു'ഭോജകട'ത്തിലാൎത്തനായ്
മരുവും രുഗ്മി വിദർഭനന്ദനൻ,
പുരുഷോത്തമപത്നി സോദരി
ക്കൊരു കത്തേവമയച്ചിതേകദാ:—

2

"പ്രിയസോദരി, —നിന്നെയേവമൻ-
പിയിലുംമട്ടു വിളിപ്പതിന്നു ഞാൻ
ക്രിയമൂലമനൎഹനാകിലും,
ദയചെയ്കീസ്സഹജന്റെ പേരിൽ നീ!

3

ഭുവനൈകസവിത്രിയാകുമാ-
ശ്ശിവതൻ സൽകൃപകൊണ്ടു, സാമ്പ്രതം
തവ ബന്ധുജനത്തിനൊക്കയും,
ഭവതിക്കും, സതി, സൌഖ്യമല്ലയോ?

4

മഹിളാനികഷോപലങ്ങളാം
ഗൃഹിണീമാതൃവധൂപദങ്ങളെ
മഹിതസ്ഥിതിയിൽബ് ഭരിച്ചുകൊ,-
ണ്ടഹിതാഭാവമൊടല്ലി വാഴ്വു നീ?

5

പുതുവീരസുതപ്പിറപ്പിനാൽ
കുതുകം ഭർത്തൃകുലത്തിനേററി,നീ
അതുലോത്സവമാസ്വസിച്ചുയാ-
ണിതുനാളെ,ന്നിഹ വിശ്വസിപ്പു ഞാൻ

6

ഒരുമട്ടുസുഖംനമുക്കുമെ-
ന്നൊ,രു സാധാരണവാക്കുരച്ചിടാം,
കരുണാവതിവാസ്തവത്തിലീ,
യൊരു പേർതന്നെ മറന്നിരുപ്പു ഞാൻ!

7

ഗുരുഭക്തിവിശുദ്ധവൃത്തിയിൽ-
പ്പെരുമാററാത്തനിനക്കു, പണ്ടു, ഞാൻ
പെരുതപ്രിയമാചരിച്ചതോ-
ർത്തു,രുകുന്നു മമ ചിത്തമെപ്പൊഴും.

‘പശുപാല’നിൽനിന്നു നിന്മനം
‘ശിശുപാല’ങ്കലണച്ചുവെയ്ക്കുവാൻ
അശുഭോക്തികളെത്ര ചൊല്ലി, ഹാ,
പിശുനൻനിന്റെമുഖത്തുനോക്കിനാൻ

9

പടുകോമളമായ്, വിടർന്ന പൂ-
വൊടു നേരാകിയ നിന്മുഖത്തഹോ!
കടുഭീഷണഭാഷണങ്ങളാൽ
ചുടുകണ്ണീർക്കണമെത്ര വീഴ്ത്തിനാൻ!

10

പലതും പരുഷങ്ങൾ ഞൻരുഷാ
പ്രലപിച്ചീടില്ലു, മപ്പൊഴൊക്കെയും,
കുലകന്യകതൻ വിനീതമാം
നിലയിൽത്തന്നെയുറച്ചുനിന്നു നീ!

11

വളരേറിയ ദുർവ്വചസ്സു ഞാൻ
വളരെച്ചൊൽകില്ലു, മന്നൊരിക്കലും,
കളഭാഷിണി, നിന്മുഖത്തുനി-
ന്നുളവായീല, മറുത്തൊരക്ഷരം

12

ക്ഷമ, താഴ്മ, വിവേകമാദിയായ്-
സ്സമതേ, നിങ്കലെഴും ഗുണങ്ങളിൽ
കിമപിപ്രയുതാംശമേങ്കിലും
മമ തന്നീല ജഗൽപിതാവഹോ!

13

പഴതേ പഴി ഞാൻ പുലമ്പിടും-
പൊഴുതാ,സ്സൌമ്യമുഖം കുനിച്ചു, നീ
തൊഴുകയ്യൊടു നിന്ന നില്പതോ-
ർത്തൊഴുകുന്നു മമച്ചുടു കണ്ണുനീർ.

14

വരണോചിതമാം വയസ്സിൽ നീ
ചരണം വെച്ച ദിനം മുതല്ക്കു ഞാൻ,
ദുരദൃഷ്ടവശാലഹോ! സുഹൃൽ-
പരതന്ത്രൻ തവവൈരിയായിഞാൻ.

15

ദിവസം പ്രതി ശൈശവത്തിലു-
ത്സവമിങ്ങേററിയ നിന്നെ,യെപ്പൊഴും,
തവ താതനിലേറെയോമനി-
ച്ചവനാണീ, പ്രണയാർദ്രനഗ്രജൻ.

16

മകളഗ്രജനെപ്പിരിഞ്ഞു, ത-
ന്നികടേചെൽക ചുരുക്കമാകയാൽ,
അകളങ്കി പിതാവസൂയയ-
ന്ന,കമേ തേടിയിരിയ്ക്കുമെന്റമേൽ!

17

കുളിർപുഞ്ചിരി തൂകിയും മുക-
ത്ത,ളിമട്ടാമളകങ്ങൾചിന്നിയും
കളിയാടിവിയത്ത നിന്നിളം-
തളിർമെയ്യിപ്പൊഴുമോർപ്പതുണ്ടു ഞാൻ

18

തളയും വളയും കിലുങ്ങുമാ-
റിളയിൽപ്പിച്ചനടന്നു, പൈതൽ നീ
വിളയാടുവതുണ്ടി,വന്റെയുൾ-
ക്കളമാം കണ്ണിനു മുമ്പിലിപ്പൊഴും.

19

തെളിമുത്തെതിർദന്തമണ്ഡലം
വെളിവാം പാഴ്ചിരിയും കരച്ചിലും,
കിളിനേർമൊഴിയുംകമ്ലാന്നിൻ-
നളിനാസ്യം ഹൃദി ഞാൻ മറക്കുമോ?

20

ക്ഷമ വിട്ട, കലത്തുനിന്നു, വി-
ഭ്രമഹാസത്തോട്ട പാഞ്ഞണഞ്ഞു നീ
സുമമോടെതിർകൊച്ചുകൈകളാൽ
മമജാനുക്കൽ പിടിച്ചു പുൽകവേ;

21

നലമോട്ട കുനിഞ്ഞെടുത്തു, ന-
ന്മലർമെയ് മാറിലണച്ചു നിൻമുഖം
പല പാട്ട മുകൻ്നുപോന്നതോ-
ത്തലമിന്നും കുളിരുന്നിതെന്മനം.

22

കുതുകാലുടലെത്ര പുൽകിലും,
ചതുരം നിൻകളിയെത്ര കാൺകിലും,
അതുനാൾ മതി തോന്നലില്ല മേ
പുതുതേൽ കൊഞ്ചലതെത്ര കേൾക്കിലും

23

തവ ബാല്യ, മനേകമാണ്ടിട-
സ്ഥവസംനിസ്സുതെന്നുകൂടി, ഞാൻ
ദിവസം പ്രതി നേർന്നിരുന്നു, നിൻ-
നവകൌമാരവിലാസകൌതുകാൽ.

24

ശരിയായ് നിറവേററി, ദൈവമാ-
പ്പെരിയോരെൻകൊതിയെങ്കിലി,ന്നുഞാൻ
അരിമപ്പെട്ടമേകസോദരി
സ്സൂരിയായ്ത്തീൎന്നിട്ടമായിരുന്നുവോ?

25

തവ സോദരരഞ്ചുപേരിൽവെ-
ച്ചു,വനേററും പ്രതിപത്തിനിൻെറമേൽ;
അവനാണു നിനക്കു, പിമ്പബാ-
ന്ധവനായ്ത്തീൎന്നതി,——തെത്ര ദുസ്സഹം!

26

സരളേ മമ, വാസ്തവത്തിൽ, നീ
വരഭൎത്താവൊട്ടുചേൎന്നു കാണുവാൻ
ചിരമേറിയൊരാശ തന്നെയാ-
ണു,ര പോറുംപിഴ ചേൎത്തതിശ്ശയും.

27

സുമഹത്തരസൌഹൃദത്തിനാൽ,
മമ പെങ്ങൾക്കു മണാളനാകുവാൻ
‘ദമലേരാഷ’ജനാണുയോഗ്യനെ-
ന്നു,മലേ, ഹന്ത! നിനച്ചുപോയി ഞാൻ

28

സ്ഥിരപൌരുഷശാലി, 'ചേദി' ഭൂ-
വരനദ്ദേഹമനിന്ദിതാനപായൻ;
നിരസിയ്ക്കുവതെങ്ങി,വണ്ണമാം
വരനെക്കന്യകതന്റെ കൂറുകാർ?

29

ഒരു സോദരിയുള്ളതിന്റെ ക-
യ്യൊരു'ചെങ്കോലു'പിടിച്ച കയ്യുമായ്
ഒരുമിപ്പതിനുദ്യമിപ്പതി-
പ്പുരുഷന്മാരുടെ ധർമ്മമല്ലയോ?

30

പിരിവേറിയ ചേദിനാട്ടിനീ-
ശൗരി യെന്നുള്ള പദം ത്യജിക്കയാൽ
ശരിയാമനുരാഗമെന്നതിൻ
പരിമാണത്തെ വെളിപ്പെടുത്തി നീ.

31

സതിതന്നനുരാഗ,മേതു വൻ-
പ്രതിബന്ധങ്ങളെയും കടന്നുപോയ്
ക്ഷിതി വിട്ടൊടുവിൽ ജയിയ്ക്കുമെ-
ന്നതിനി നിൻചരിതം നിദർശനം

32

ഭവദീയവിവാഹകാലമേ? -
തി?വനിച്ചൊൽവൊരു കാലമേതുവാൻ?
ശിവനേ, വിഷയൈകസക്തിയാൽ
ദിവസപ്പോക്കറിയുന്നതില്ല നാം!

33

കുലനന്ദിനി, കേവലം വധൂ-
നില വിട്ടിപ്പൊഴൊരമ്മയായി നീ,
പല പൂരുഷലക്ഷണങ്ങളാൽ
വിലസും നിൻ സുതനും ഗൃഹാർഹനായ്.

34

ഗതമായ് നെടുനാളിതെങ്കിലും,
നിതരാം നൂതനമായ്ജ്ജ്വലിപ്പു മേ
സുതനു, തായി മുഷ്ക്കകൊട്ടലാൽ
കൃതമായൊരനുതാപസങ്കടം.

35

പരമുണ്ടു സമൃദ്ധിയെങ്കിലും,
കരളിൽശ്ശല്യമിതേററിരിക്കയാൽ
നരകാഭമെനിക്കു പാരിടം;
ഭരമായ്ത്തീന്നിതു ജീവധാരണം.

36

ക്ഷതബാന്ധവനായ്; സ്വപത്തന-
ച്യുതനായ്; ഞാൻപ്രജകൾക്കഥാന്യനായ്
ബത, നിന്നെയുപദ്രവിച്ചതിൻ
മിതമാകും ഫലമാണിതൊക്കെയും!

37

മനതാരെരിയുംപ്രകാര,മി-
ജ്ജനമേറെപ്പിഴ ചെയ്തിരിക്കിലും,
തനതഗ്രജനെന്നു മാത്രമോ-
ർത്ത്,നഘേ, മാപ്പിവനേകിടേണമേ!

38

അഥവാ-പറയേണ്ടതില്ലിതെ;-ൻ
കഥ തീർപ്പാൻ തുനിയുന്ന കാന്തനെ,
വ്യഥ പൂണ്ടു തടുത്തു സോദര-
പ്രഥമാനപ്രിയമന്നു കാട്ടി.നീ.

39

നൃപപുംഗവപുത്രി, ചിത്രമെ-
ന്ത,പരാധം മമ നീ പൊറുത്തതിൽ?
അപകാരപരന്റെ പേരിലും
കൃപ ചെയ്യുന്നതു സജ്ജനവ്രതം.

40

അയവില്ല മമാത്തികൾക്കഹോ!
ദയയാലെൻ പിഴ നീ മറക്കിലും;
സ്വയമോത്തുപശാന്തി ചെയ്കിലേ,
നിയതം പാതകി നിർവൃതിപ്പെട്ടു.

I4

തരുണീദശയെ പ്രപന്നയായ്
മരുവും മൽസുതയെ ത്വദന്തികേ
ഒരുപായനമായിവെയ്ക്കുവാൻ
കരുതുന്നേൻ കലുഷക്ഷയൈഷി ഞാൻ.

42

തവ പൊന്നുമകന്നുവേണ്ടി, നീ-
യിവളെസ്സാദ്ധ്വി,പരിഗ്രഹിക്കിലേ
ഭവദഗ്രജനാശ്വസിക്കുവാ-
നവകാശം ചെറുതിങ്ങുകൈവരു.

43

പരുഷോദ്ധതരായ്പ്പരാക്രമം
പെരുകും ദാനവർതൻശിരസ്സുകൾ,
വിരുതേറിയബാലനാമെവ-
ന്നരുമപ്പന്തുകളായ് ച്ചമഞ്ഞുവോ;

44

പാശംബരകണ്ണശോണിതോൽ-
ക്കരകാശ്മീരമണിഞ്ഞുമേനിയിൽ
വരഭാസ്സ്വനദ്വിതീയനായ്
വരണംചെയ്തിതു വീരലക്ഷ്മിയെ,

45

പെരുതുന്നതമാക്കി മന്നിലെ-
തൊരുവൻ കൃഷ്ണകുലത്തെ നന്മയാൽ;
ഗുരുവീര്യനെവൻ ഹലായുധ-
ന്നൊരുരണ്ടാം മദമായിരിപ്പിതേ;

46

ഉലകിന്നൊരു നീലചന്ദ്രനായ്
വിലസുന്നോത്തുവിശിഷ്ടരൂപനെ,
അലർബാണനചാവതാരമായ്-
പ്പലരും വാഴ്ത്തിവരുന്ന കാണികൾ;

47

സദനസ്മൃതകർമ്മലഭ്യമായ്,-
സുദതി, ക്ഷത്രിയമാർ കൊതിപ്പതായ്
അദരോന്നതമായ വീരസൂ-
പദമാരാലധിരൂഢയായി നീ;

48

അവനെൻപ്രിയഭാഗിനേയനെ
ന്ന,വലേപം ഹൃദിവാച്ചിടുന്നുമേ!
അവനിൽ പ്രതിപത്തി തോന്നിടാം-
ത്തവളല്ലെൻെറ വിനീതയാംമകൾ.

49

ഒരു വീരനു യോഗ്യയല്ല നിൻ-
ഗുരുസോദര്യകുമാരിയെങ്കിലോ,
കരുതില്ലി,വളാൽ ഗൃഹാശ്രമം
മരുവാക്കാൻ മമ വത്സകന്നു ഞാൻ.

50

ദിവസംപ്രതി മാം വരിപ്പതു-
ണ്ടിവളെബ്ബന്ധുജനങ്ങളിൽച്ചിലർ;
അവരോടു മറുത്തു ചൊൽകവ-
ള്ളിവനെന്നങ്ങറിവുള്ളതല്ലയോ!

51

ഹിതമിങ്ങിതു താൻ: സയംവരാ-
ഗതനായ്, നിന്നെ മുരാരിപോലവെ,
ചിതമോടുഹരിച്ചിടട്ടെ നിൻ
സുതനീ ‘രുഗ്മവതീ’ കുമാരിയെ.

52

ഇതാണു രുഗ്മിണ്യോരപേക്ഷ, വിസ്തരി-
പ്പതാകിലിക്കത്തതിദീൎഘമായ്വരും
ക്കൃതാഘനുണ്ടാമനുതാപവാൎദ്ധിനെ-
ബ്ബൃതാല്പമോൎത്താൽ മതി, ബുദ്ധിയുള്ളനീ!